# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മതിലകം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ - 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്.എ. ടി.എസ്.ആർ ( പി 9)1929/2023 )

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മതിലകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്.എ. ടി.എസ്.ആർ ( പി 9)1929/2023 ) തീയ്യതി: 20/12/2023

## തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 26-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി. എസ് | ഡെപ്യൂട്ടി ഡയറക്ടർ | 27-11-2023 | 04-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-11-2023 | 04-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)

ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ (28.11.2023 ന് അവധി)

ശ്രീമതി സുമ.വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ (02.12.2023,04.12.2023 അവധി)

ശ്രീമതി ബിന്ദു.സി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി നിലൂഫർ ബി.ഐ.,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. സീനത്ത് ബഷീർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.കെ ബി മുഹമ്മദ് റഫീക്ക് | സെക്രട്ടറി | 01-04-2022 | 12-04-2022 |
| ശ്രീ.രാമദാസ് കെ.എസ് | സെക്രട്ടറി | 13-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ലിജ്ജ കെ.എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.മഞ്ജിത്ത് കൃഷ്ണൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.സിന്ധു | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.സതീഷ് കുമാർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 25-11-2022 |
| ഡോ.നവാസ് | സീനിയർ വെറ്ററിനറി സർജൻ | 26-11-2022 | 31-03-2023 |
| ശ്രീ.ബൈജു ബേബി | കൃഷി ഓഫീസർ | 01-04-2022 | 04-08-2022 |
| ശ്രീമതി. രമ്യ | കൃഷി ഓഫീസർ | 05-08-2022 | 31-03-2023 |
| ശ്രീമതി സീന.എം.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. മെർലിൻ ജോസഫ് | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ലീന | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഹൃദ്യ.എൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അതുല്യ വി.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.കണ്ണൻ പി.കെ | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, മതിലകം സർക്കിൾ | 01-04-2022 | 07-11-2022 |
| ശ്രീമതി.സെൽവി | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, മതിലകം സർക്കിൾ(ചാർജ്) | 08-11-2022 | 07-01-2023 |
| ശ്രീമതി.സീതാലക്ഷ്മി | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, മതിലകം സർക്കിൾ | 08-01-2023 | 31-03-2023 |
| ശ്രീ.രാജീവ്.പി.എൽ | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, കൂളിമുട്ടം സർക്കിൾ | 01-04-2022 | 07-11-2022 |
| ശ്രീമതി.സെൽവി | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, കൂളിമുട്ടം സർക്കിൾ | 08-11-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | " Capital Contribution" ശീർഷകത്തിലേക്ക് തെറ്റായി തുക ചേർത്തു | 1-1-3 |
| 5 | വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകയും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | തൊഴിലുറപ്പ്പദ്ധതി - ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു. | 1-1-5 |
| 7 | റവന്യൂ ചെലവ് തെറ്റായി ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവായി രേഖപ്പെടുത്തി | 1-1-6 |
| 8 | ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി | 1-1-7 |
| 9 | ലൈബ്രറി സെസ്സ് - വ്യത്യാസം പരിഹരിക്കേണ്ടതാണ് | 1-1-8 |
| 10 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-10 |
| 12 | വാടക ഡിമാന്റ്-കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-11 |
| 13 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-12 |
| 14 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല | 1-1-14 |
| 16 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി | 1-1-15 |
| 17 | ഷെഡ്യൂൾ ബി-4 പ്രകാരമുള്ള തുകയും ഷെഡ്യൂൾ ബി-17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | Restoration Charge-പഞ്ചായത്തിന്റെ ബാധ്യതയായി കണക്കാക്കാവുന്നതാണ് | 1-1-17 |
| 19 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | ഫണ്ട് വിനിയോഗം | 1-3 |
| 22 | പദ്ധതി അവലോകനം | 1-4 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 24 | ക്ഷേമപെൻഷനുകൾ | 1-6 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 27 | നികുതി നികുതിയേതര വരവുകളുടെ അവലോകനം | 1-9 |
| 28 | സ്വകാര്യ ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടില്ല | 1-10 |
| 29 | സ്ഥാപനങ്ങൾ FACTEAOS ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ് | 1-11 |
| 30 | കള്ള്ഷാപ്പുകൾ,പൊതുവിതരണ കേന്ദ്രങ്ങൾ, ക്ഷീര സംഘങ്ങൾ എന്നിവക്ക് ലൈസൻസ് എടുക്കേണ്ടതാണ്. | 1-12 |
| 31 | തൊഴിൽ നികുതി-അപാകങ്ങൾ | 1-13 |
| 32 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-14 |
| 33 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-15 |
| 34 | കന്നുകുട്ടി പരിപാലനം-പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 1-16 |
| 35 | 60 വയസ്സിന് താഴെയുള്ള കിടപ്പ് രോഗികൾക്ക് കട്ടിൽ വിതരണം - രേഖകൾ | 1-17 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല - ചെലവ് തടസപ്പെടുത്തുന്നു | |
| 36 | ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തേണ്ടതാണ് | 1-18 |
| 37 | വാട്ടർ അതോറിറ്റിയിൽനിന്നുള്ള സ്പഷ്ടീകരണം ലഭ്യമാകുന്ന മുറക്ക് റെസ്റ്റോറേഷൻ പ്രവൃത്തികൾ ത്വരിതമാക്കേണ്ടതാണ് | 1-19 |
| 38 | നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുത്ത ഗ്രാമപഞ്ചായത്ത് വക ആസ്തികളുടെ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതമാക്കേണ്ടതാണ് | 1-20 |
| 39 | തൊഴിലുറപ്പുപദ്ധതി-ക്വാറി മക്ക് ഫില്ലിങ്ങിന് പ്രൈസ് സോഫ്റ്റ് വെയർ നിരക്കിനെക്കാൾ ഉയർന്ന നിരക്ക് നൽകുന്നു | 1-21 |
| 40 | തൊഴിലുറപ്പുപദ്ധതി- സാധനസാമഗ്രികളുടെ വിതരണം - ജി. എസ്. റ്റി കുറവ് വരുത്തിയിട്ടില്ല | 1-22 |
| 41 | തൊഴിലുറപ്പുപദ്ധതി-സിമന്റിന് ഉയർന്ന നിരക്ക് നൽകുന്നു | 1-23 |
| 42 | ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച ആധാരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-24 |
| 43 | പൊതുടാപ്പുകളുടെ സംയുക്തപരിശോധന -വിവരം അറിയിക്കേണ്ടതാണ് | 1-25 |
| 44 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി-വാർഷിക കണക്കുകൾ സമർപ്പിച്ച വിവരം ലഭ്യമല്ല | 1-26 |
| 45 | കോക്ലിയർ ഇംപ്ലാന്റേഷന് ധനസഹായം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 46 | ഭിന്നശേഷിയുള്ളവരുടെ ഡാറ്റാബേസ് തയ്യാറാക്കൽ–ദിവസവേതനം നൽകിയതിന് മസ്റ്റർ റോൾ ,കൈപ്പറ്റ് രശീതി എന്നിവ സൂക്ഷിച്ചിട്ടില്ല | 1-28 |
| 47 | അമൃതം ഫുഡ് സപ്ലിമെന്റ് - വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മതിലകം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.06.2023 ലെ 9/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 27.06.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മതിലകം ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മതിലകം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 20.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

#### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

#### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന

ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3240388/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 77938143/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 " Capital Contribution" ശീർഷകത്തിലേക്ക് തെറ്റായി തുക ചേർത്തു

മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകളാണ് " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കേണ്ടത്. എന്നാൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് ചെലവഴിച്ച മുഴുവൻ തുകയും (3441785/-) തെറ്റായി ആസ്തിയായി ബുക്ക് ചെയ്യുകയും ആയത് " Capital Contribution" എന്ന ശീർഷകത്തിലേക്ക് മാറ്റുകയും ചെയ്തു. ഇതുമൂലം റവന്യൂ ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടാത്തതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കുറയുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-1-4 വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകയും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|
| Other Revenue Grants 160100799 | 1040000/- പ്രൊ.നം- 68/23, 69/23 പ്രകാരം ചെലവഴിച്ച ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ വിഹിതം | 860000/- | 180000/- |

## 1-1-5 തൊഴിലുറപ്പ്പദ്ധതി - ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തു.

2022-23 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവ് 1072912/- രൂപയും കൂലി /സാധനങ്ങളുടെ സപ്ലൈ ചെലവ് തുക (റവന്യൂ ചെലവ്) 28345676/- രൂപയുമാണ്.ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൊഴിലുറപ്പ്പദ്ധതിയുടെ ഭരണ ചെലവിന്റേയും റവന്യൂ ചെലവിന്റേയും ആകെ തുകയായ 29418588/- രൂപ "253100101-Total Poverty Alleviation" എന്ന ശീർഷകത്തിലാണ് ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്. "256100116- Administrative Expenses- MNREGS/AUEGS" എന്ന ശീർഷകത്തിൽ 1072912/-രൂപയും "253100101-Total Poverty Alleviation"എന്ന ശീർഷകത്തിൽ 28345676/- രൂപയും ആണ് വരേണ്ടിയിരുന്നത്.

## 1-1-6 റവന്യൂ ചെലവ് തെറ്റായി ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവായി രേഖപ്പെടുത്തി

| ക്രമ നമ്പർ | പ്രോജക്റ്റ് | വൗച്ചർ/തീയ്യതി | തുക | ബുക്ക്ചെയ്ത ശീർഷകം |
|---|---|---|---|---|
| 1 | 136/23 Mathilakam Grama Panchayath 2022 23 Poovathumkadavu Harijan Settlement Colony Road Improvements In Ward 8 | 42201289/20.2.23 | 824381 | 415110003 Roads-Tarred |

| | | | |
|---|---|---|---|
| 2 | 153/23 Mathilakam Grama Panchayath 2022 23 Puthiyakavu Masjid Link Road Improvements Ward 4 | 42201292/27.2.23 | 423340 |
| 3 | 141/23 Mathilakam Grama Panchayath 2022 23 Kudukkuvalav Kathikodu Swamithara Temple Road Improvements Ward 3 | 42201293/1.3.23 | 671532 |
| 4 | 140/23 Mathilakam Grama Panchayath 2022 23 Ragam Club Mathilakam Koolimuttam Road Balance Portion Improvements Ward 13 | 42201330/23.3.23 | 564660 |
| 5 | 142/23 Mathilakam Grama Panchayath 2022 23 Onachammavu Central Road Improvements Ward 10 | 42201333/25.3.23 | 957872 |

ചെലവുകൾ ഉചിതമായ ശീർഷകത്തിൽ തന്നെ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-7 ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി

| ക്രമ നമ്പർ | പ്രോജക്ട് | വൗച്ചർ/ തീയ്യതി | തുക | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 1 | 169/23 SIDE PROTECTION OF POLAKULAM POND- | 42201082/27.3.23 | 1057543 | 250102406 Environment - Water Conservation And Fish Farming Through Protection Of Canals And Ponds |
| 2 | 56/23 Drainage Near Kolanchery Francis At Thalam Road Ward 11 | 42201371/30.6.22 | 279886 | 251130902 Liquid Waste Management - Collection And Transportation |
| 3 | 231/23 SIDE PROTECTION OF POLAKULAM- | 42201081/27.3.23 | 174994 | 250102406 Environment - Water Conservation And Fish Farming Through Protection Of Canals And Ponds |

### 1-1-8 ലൈബ്രറി സെസ്സ് - വ്യത്യാസം പരിഹരിക്കേണ്ടതാണ്

1)തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ

സോഫ്റ്റ്‌വെയർ പ്രകാരവും 449710/- രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt. Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല, മറിച്ച് 450636/- രൂപയാണ്.

2)ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 47210/-രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt. Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 2248/- (47210/105X5) രൂപ ആണ്. എന്നാൽ ഈ ശീർഷകത്തിൽ 2255/-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

### 1-1-9 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ മതിലകം ഗ്രാമപഞ്ചായത്തിൽ 234 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.03.23 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-11 വാടക ഡിമാന്റ്-കൃത്യമായി രേഖപ്പെടുത്തുന്നില്ല

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം

സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 92580 | 31.3.23 | 42100756 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-12 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-13 പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-14 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

2022-23 വർഷത്തെ Income And Expenditureപത്രിക പ്രകാരം 6333801/-രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-15 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക് 1330521/- രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumulated

Depreciation 1619391/- രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

### 1-1-16 ഷെഡ്യൂൾ ബി-4 പ്രകാരമുള്ള തുകയും ഷെഡ്യൂൾ ബി-17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

<table>
<tr><th></th><th colspan="3">ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4</th><th colspan="3">ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17</th></tr>
<tr><th>ക്രമനമ്പർ</th><th>ശീർഷകം</th><th>ഇനം</th><th>തുക</th><th>ശീർഷകം</th><th>ബാങ്ക് അക്കൌണ്ട്</th><th>തുക</th></tr>
<tr><td>1</td><td>320900102</td><td>Donations Related To Pandemic/ Epidemic Control</td><td>4755</td><td>450210101</td><td>BANK OF BARODA -(COVID DONATION)-(11300100020242)</td><td>4819</td></tr>
<tr><td>2</td><td>320700105</td><td>Contributions For Joint Venture Projects (For Capital Expenditure) - From District Panchayats</td><td>78547</td><td rowspan="2">450210201</td><td rowspan="2">TREASURY-JOINT VENTURE-(799011400001279)</td><td rowspan="2">0 (Resumption Amount 128992/-)</td></tr>
<tr><td>3.</td><td>320700205</td><td>Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats</td><td>4075</td></tr>
</table>

### 1-1-17 Restoration Charge-പഞ്ചായത്തിന്റെ ബാധ്യതയായി കണക്കാക്കാവുന്നതാണ്

Restoration Charge ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച 66861046/- രൂപ Restoration Charges For Road Cutting (140500209) എന്ന ശീർഷകത്തിലാണ് വരവ് (6.12.22ൽ) വെച്ചിട്ടുള്ളത്. ആയത് 23.12.22 ൽ PAPPINIVATTOM Service Co-operative Bank-OWN FUND (101110015853) ൽ സ്ഥിരനിക്ഷേപമാക്കി. ഈ തുക റോഡ് Restore ചെയ്യുന്നതിന് വേണ്ടിയാണ് ഉപയോഗിക്കേണ്ടത്. ആയതിനാൽ ഇത് പഞ്ചായത്തിന്റെ ഒരു ബാധ്യതയായി കണക്കാക്കാവുന്നതാണ്.

### 1-1-18 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 ൽ വിവിധ ശീർഷകങ്ങളിലായി ആകെ 347548/- രൂപയുടെ ഡെപ്പോസിറ്റ് ഉണ്ട്. ഇതിൽ കാലാവധി കഴിഞ്ഞ നിരവധി ഡെപ്പോസിറ്റുകളും ഉൾപ്പെട്ടിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം1 ആർട്ടിക്കിൾ 282 പ്രകാരം തിരിച്ചു നൽകേണ്ട കാലത്തിനുശേഷം മൂന്ന് വർഷത്തിലധികം കാലാവധി കഴിഞ്ഞ അവകാശപ്പെടാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഡെപ്പോസിറ്റുകൾ മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 22/03/2022 | |
| കമ്മിറ്റി തീരുമാനം | 1/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 203216303 | 207709021 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി കമ്മിറ്റി തീരുമാനം റിവൈസ്ഡ് ബജറ്റ് | 22.02.2023 | |
| കമ്മിറ്റി തീരുമാനം | 10/1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 27,51,33,863/- | 29,86,53,581/- |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 22725000 | 22725000 | 20902359 | 1822641 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 7364000 | 7364000 | 6641990 | 722010 |
| മെയിന്റനൻസ്, റോഡ് | | 0 | 7159000 | 7159000 | 3441785 | 3717215 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 5382000 | 5382000 | 4405852 | 976148 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | ബാങ്ക് | 1619381 | 5542000 | 7161381 | 4544578 | 2616803 |
| | ട്രഷറി | 0 | 22764 | 22764 | 22763 | 1 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക് | ബാങ്ക് | 876441 | 3857087 | 4733528 | 4512649 | 220879 |
| | ട്രഷറി | 0 | 0 | 0 | 0 | 0 |
| Swach Barath Abiyan | | 0 | 767518 | 767518 | 767518 | 0 |
| Pandemic | | 0 | 355235 | 355235 | 355235 | 0 |

| | | | | | |
|---|---|---|---|---|---|
| Suchithwa Mission Grant | 359499 | 0 | 359499 | 0 | 359499 |
| ICDS | 5,36,023 | 13,28,674 | 18,64,697 | 10,00,000 | 8,64,697 |
| Health Grant Diagnostic | 0 | 268115 | 268115 | 211700 | 56415 |
| Helath Grant Conversion Of PHC | 0 | 136827 | 136827 | 57000 | 79827 |
| Fund For Transferred Institution Fisheries | 2475 | 0 | 2475 | 0 | 2475 |
| Solid Waste Management | 1030103 | 0 | 1030103 | 555053 | 475050 |
| Fund-Other Purposes | 72000 | 0 | 72000 | 0 | 72000 |
| Other Financial Institution Fund | 640000 | 900000 | 1540000 | 1040000 | 500000 |
| Keralolsavam | 15,000 | 0 | 15,000 | 15,000 | 0 |
| Vimukthi | 16561 | 0 | 16561 | 9304 | 7257 |

ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന ഫണ്ടുകൾ ആവശ്യമില്ലാത്ത പക്ഷം ഉറവിടത്തിലേക്ക് തന്നെ തിരികെ അടവാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പിലാക്കിയ പദ്ധതിയുടെ ശതമാനം | പദ്ധതി ചെലവിന്റെ ശതമാനം |
|---|---|---|---|---|---|
| 167 | 118759824 | 96 | 63622031 | 57.49 | 53.57 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3 | 1072909 | 1072912 | 1072912 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ) | 0 | 28345676 | 28345676 | 28345676 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ) | 0 | 2889543 | 2889543 | 2889543 | 0 |
| ആകെ | 3 | 32308128 | 32308131 | 32308131 | 0 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2409000 | 197 |
| വിധവാ പെൻഷൻ | 15306800 | 1336 |
| വാർദ്ധക്യകാല പെൻഷൻ | 24194800 | 2259 |
| വികലാംഗപെൻഷൻ | 3532800 | 294 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 680800 | 63 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-12-2023 തീയതിയിൽ 12.30 P.M ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18114/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

വസ്തുനികുതി സംബന്ധിച്ച ഡി.സി.ബി പത്രിക കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളത് ശ്ലാഘനീയമാണ്. സാധനസാമഗ്രികളുടെ ക്ലോസിങ്ങ് സ്റ്റോക്കും ആധികാരികമായി തയ്യാറാക്കിയിട്ടുണ്ട്.
ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 നികുതി നികുതിയേതര വരവുകളുടെ അവലോകനം

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

മതിലകം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. കുടുംബശ്രീ അംഗങ്ങൾ മുഖേന നോട്ടീസ് വിതരണവും അനൗൺസ്മെന്റ് വഴി കളക്ഷൻ ക്യാമ്പുകൾ സംബന്ധിച്ച് വ്യാപക പ്രചരണവും 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്.

നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുകയോ ചെയ്യുന്നില്ല. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിങ്ങുകളിലും നടത്തുന്നില്ല.

രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| | | | | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 3027517 | 3118104 | 3% | 234 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ്സ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 2755054 | 3019103 | 9.6% | |

| | | | |
|---|---|---|---|
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ & ട്രേഡേഴ്സ് | 476750 | 456250 | -4.2% |
| തൊഴിൽ നികുതി - ജീവനക്കാർ | 1571690 | 1612790 | 2.6% |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ സ്ഥാപന തൊഴിൽ നികുതിയിലുള്ള വരുമാനത്തിൽ ഒഴികെ മറ്റ് വരുമാനങ്ങളിൽ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോയെന്ന പരിശോധന സ്ഥാപനത്തിനോ ഓഡിറ്റിനോ കഴിയുന്നില്ല.

2. വസ്തുനികുതി

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ അംഗീകരിച്ച നടപ്പിലാക്കിയിട്ടില്ല. എന്നാൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതിയിൽ 5% വർദ്ധനവ് സോഫ്റ്റ്‌വെയറിൽ വന്നിട്ടുണ്ട്. ഭരണസമിതിയുടെ 24.072023 ലെ 5(1) നമ്പർ തീരുമാനപ്രകാരം പുതിയ നികുതി നിരക്കുകൾ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുകയും പൊതുജനങ്ങളിൽ നിന്നും ആക്ഷേപം ക്ഷണിക്കുന്നതിന് 30 ദിവസം സമയം നല്കുകയും ചെയ്തിട്ടുണ്ട്. 29.9.2023 ലെ ഭരണസമിതിയുടെ 3(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം അംഗീകരിക്കുകയും 10.10.2023 ലെ ദിനപ്പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഐ.കെ.എം സോഫ്റ്റ്‌വെയറിൽ ക്രമീകരണം ആകാത്തതിനാൽ പുതിയ നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. 1.4.2023 മുതൽ സോഫ്റ്റ്‌വെയറിൽ വസ്തുനികുതി നിരക്കിൽ 5% വർദ്ധനവ് വന്നിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കുന്നതിനുള്ള പ്രോജക്ട് 2023-24 സാമ്പത്തികവർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഇല്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി സംബന്ധിച്ച സർക്കുലർ നം. RD3/94/2020/ത.സ്വ.ഭ.വ. തീയതി 02.02.2022 പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്.

3.സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) ചുമത്തിയിട്ടില്ല. കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത്

പരിധിയിൽ ഇല്ല.

4.തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, ടാക്സ് കൊടുക്കാൻ ബാധ്യസ്ഥരായ സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ്ങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ വർഗീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി മാസാന്ത്യം സാക്ഷ്യപ്പെടുത്തി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5.വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവ പഞ്ചായത്തിൽ നിലവിലില്ല. കൂടാതെ പ്രദർശന വിപണന മേളകൾ പഞ്ചായത്തിൽ നടത്തിയിട്ടില്ല.

6. നികുതിയേതര വരവുകൾ

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വരുന്നുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വരുന്നുണ്ടെങ്കിലും ചില സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. ആയത് സംബന്ധിച്ച് ഖണ്ഡിക 1-11 ൽ പരാമർശിക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, വാടക,ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിലവിലുണ്ട്. ആയതിലെ റൂമുകൾ വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്.ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന്റെ ലേലനടപടികൾ 2021-22, 2022-23 വർഷങ്ങളിൽ സ്വീകരിച്ചെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തിട്ടില്ല. കംഫർട്ട് സ്റ്റേഷൻലേലത്തിൽ പോകാതിരുന്നതിന്റെ കാരണങ്ങൾ കണ്ടെത്താവുന്നതും തുടർവർഷങ്ങളിൽ ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ശിപാർശകൾ

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, ലേലം എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ

കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

## 1-10 സ്വകാര്യ ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ (ചട്ടങ്ങൾ) ചട്ടം (3) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.

2022-23 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്ററുകളും, ലൈസൻസ് രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ചില സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കുകയോ/പുതുക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പേര്, മേൽവിലാസം | കെട്ടിട നം. | പാരാമെഡിക്കൽ സ്ഥാപനങ്ങൾ |
|---|---|---|
| ആൽഫ ഡയഗ്നോസ്റ്റിക് സെന്റർ | 8/676 | ക്ലിനിക്കൽ ലാബോറട്ടറി |
| ഡോ. ചിഞ്ചു പി. എസ് | 2/ 475 | ഹോമിയോ ക്ലിനിക് |
| സെക്രട്ടറി, പാപ്പിനിവട്ടം സർവ്വീസ് സഹകരണ ബാങ്ക് | 6/376 C | ക്ലിനിക്കൽ ലാബോറട്ടറി |
| നിജിൽ സി. സി | 10/183 | ക്ലിനിക്കൽ ലാബോറട്ടറി |

ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ രജിസ്ട്രേഷൻ പുതുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.19/01.12.23) ആൽഫ ഡയഗ്നോസ്റ്റിക് സെന്റർ, പാപ്പിനിവട്ടം സർവ്വീസ് സഹകരണ ബാങ്ക് എന്നീ ലാബറട്ടറികൾ ലൈസൻസ് ഫീസ് അടവാക്കിയിട്ടുണ്ടെന്നും, നിജിൽ സി. സി, ഡോ. ചിഞ്ചു പി. എസ് എന്നിവരുടെ സ്ഥാപനങ്ങൾ ടി ഓഡിറ്റ് വർഷത്തിൽ പ്രവർത്തിക്കുന്നില്ലെന്നും മറുപടി ലഭ്യമാക്കി. ടി സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല.

പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനും ലൈസൻസും എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-11 സ്ഥാപനങ്ങൾ FACTEAOS ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017, ചട്ടം 3, 7 പട്ടിക I & II പ്രകാരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാത്തതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. മെഡികെയർ പോളിക്ലിനിക്, ലാബോറട്ടറി

2. മാംസ് ഡികെയർ, ഡെന്റൽ ക്ലിനിക്

3. ജൈവ ആയുർവേദ & കോസ്മെറ്റിക് ക്ലിനിക്

4. യോഗ പരിശീലന കേന്ദ്രം, രജി.51 V/2020

5. ശ്രീവിനായക ഫ്യൂവൽസ്, മതിലകം

6. റിലയൻസ് SMS ലിമിറ്റഡ്, മതിലകം

7. പോപ്പുലർ ടിമ്പർ, എസ്.എൻ പുരം, മതിലകം

സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/04.12.23) മറുപടി ലഭ്യമാക്കിയില്ല. പിഴ ഈടാക്കി ലൈസൻസ് പുതുക്കിയ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-12 കള്ള്ഷാപ്പുകൾ,പൊതുവിതരണ കേന്ദ്രങ്ങൾ, ക്ഷീര സംഘങ്ങൾ എന്നിവക്ക് ലൈസൻസ് എടുക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം പൊതുവിതരണ കേന്ദ്രങ്ങൾ, ക്രമ നം.132 പ്രകാരം ക്ഷീരസംഘങ്ങൾ, ക്രമ നം. 139 പ്രകാരം കള്ള് ഷാപ്പ് എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ അപേക്ഷകർ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും ഫാക്ടറി വ്യാപാര ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ആയതിൽ പൊതുവിതരണ കേന്ദ്രങ്ങൾ, കള്ളുഷാപ്പുകളും, ക്ഷീരസംഘങ്ങളും ഉൾപ്പെട്ടിരുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ള്ഷാപ്പുകൾ, പൊതുവിതരണ കേന്ദ്രങ്ങൾ, ക്ഷീര സംഘങ്ങൾ എന്നിവയുടെവിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. <u>കള്ള് ഷാപ്പുകൾ</u>

A) എസ്.എൻ.പുരം,T.S നം. 45

B) കുളിമുട്ടം,

C) കളരിപ്പറമ്പ്,

D) കഴുവിലങ്ങ്

E) ഊമൻകര

F) തുവേണി

G) ഡബിൾപോസ്റ്റ്

2.പൊതുവിതരണകേന്ദ്രങ്ങൾ

A) ARD 164

B) ARD No. 168

C) ARD No.174

D} ARD No.170

E) ArD No. 162

F) ARD No. 109

G) ARD No. 1845161

3.ക്ഷീര സംഘങ്ങൾ

A) കുളിമുട്ടം

B) എസ്.എൻ പുരം

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം.22/04.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനായി ഫീൽഡ്തല സന്ദർശനം നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-13 തൊഴിൽ നികുതി-അപാകങ്ങൾ**

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗംവഹിക്കുന്നതോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (1994 കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204)

1) ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കേണ്ടതാണ്.

2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും, സ്ഥാപനങ്ങൾ FACTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | വൈദ്യരത്നം ആയുർവേദ ക്ലിനിക് | 6 |
| 2 | S B M ഡെന്റൽ കെയർ | 2 |
| 3 | ഐ ഡെന്റിസ്റ്റ് ഫാമിലി ഡെന്റൽ ക്ലിനിക് | 2 |
| 4 | ജൈവ ആയുർവേദ കോസ്മെറ്റിക് സെന്റർ | 2 |
| 5 | 3sr ഇൻഡസ്ട്രിയൽ പ്രിന്റേഴ്സ് | 4 |
| 6 | അറയ്ക്കൽ ഇൻഡസ്ട്രീസ് | 6 |
| 7 | യൂണിവേഴ്സൽ ഓട്ടോമൊബൈൽ | 10 |

മേൽപറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം അറിയിക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.23/04.12.2023), മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ജീവനക്കാരിൽ നിന്നും

തൊഴിൽനികുതി ഈടാക്കേണ്ടതാണ്. സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

**2) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്**

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ പൂർത്തിയാക്കിയ താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/01.12.2023) മറുപടി ലഭ്യമാക്കിയില്ല. .

1. സജീവൻ പി. എ

2. ഡെയ്സി ജോസഫ്

3. സത്യജിത്ത് കെ

4. രാധാകൃഷ്ണൻ കെ. കെ

5. ബാബു എൻ. കെ

6. മുരളി കെ. കെ

5. അസ്ഹർ കെ. എ

6. ആഷിക്ക് കെ. എം

7. രഞ്ജിത്ത് ടി

8. സത്യൻ കെ. ബി

9. രാജീവ് വി. ഒ

10. സിഹാസ് ടി. എ

പ്രസ്തുത കരാറുകാരുടെ 2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി നിർണ്ണയിച്ചതിന്റേയും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റേയും രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

**1-14 വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലും 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 80 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 200 ച. മീ യിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്, 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കു ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| | |
|---|---|
| വാർഡ് നമ്പർ | 13 |
| കെട്ടിട നമ്പർ | 228 B |
| കെട്ടിടമുടമയുടെ പേരും | ഹരിദാസ്, വിനായൻ, |

| | |
|---|---|
| വിലാസവും<br>(സഞ്ചയ പ്രകാരം) | ഷണ്മുഖദാസ്<br>കാരയിൽ വീട്, പെരിഞ്ഞനം |
| നികുതി പ്രാബല്യത്തിൽ വന്ന<br>വർഷം | 2022-23<br>ആദ്യ അർദ്ധ വാർഷികം |
| തറ വിസ്തീർണം | 454.01ച. മീ |

| ഈടാക്കുന്ന അടിസ്ഥാന നികുതി (സഞ്ചയ പ്രകാരമുള്ള നികുതി നിരക്ക് – 60രൂപ/ച.മീ | ഈടാക്കേണ്ട അടിസ്ഥാന നികുതി (ബാധകമാക്കേണ്ട നികുതി നിരക്ക്- 80രൂപ/ച.മീ) | അടിസ്ഥാന നികുതിയിലുള്ള പ്രതിവർഷ നഷ്ടം |
|---|---|---|
| 27240.6 | 454.01 * 80 =<br>36320.8 | 36320.8– 27240.6 =<br>9080.2/- രൂപ |

നികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ വലിയ നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 29/05.12.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടം സ്ഥലപരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതി വരവിൽ കുറവ് വന്ന തുക കെട്ടിട ഉടമസ്ഥനിൽ നിന്ന് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ മേൽ കെട്ടിടം ഉൾപ്പെടെ ഇത്തരം അപാകങ്ങൾ ഉള്ള കെട്ടിടങ്ങൾ കണ്ടെത്തി കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമം, അടിസ്ഥാന വസ്തുനികുതി നിരക്ക് എന്നിവ സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതും വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു (ഓഡിറ്റ് എൻക്വയറി നം.24 / 05.12.2023)

| പ്രൊജക്ട് നം./പേര് | ബിൽ നം. | തുക | അപാകത |
|---|---|---|---|
| പട്ടികജാതി കോളനികളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ , 26/23<br>അടങ്കൽ- 284168/-(എസ്.സി.പി) | 42201187/<br>29.10.2022 | 284168/- | KSEB പെരിഞ്ഞനത്തിന് തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ | 42201099/<br>29.03.2023 | 1591635/- | KSEB മതിലകത്തിന് |

| | | | |
|---|---|---|---|
| സ്ഥാപിക്കൽ ,04/23 അടങ്കൽ-1700000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | | | തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| സ്ട്രീറ്റ്മെയിൻ മീറ്ററുകൾ സ്ഥാപിക്കൽ ,66/23 അടങ്കൽ-299525/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 42200616/ 21.11.2022 | 299525/- | KSEB പെരിഞ്ഞനത്തിന് തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ (വാർഡ് 13), 223/23 അടങ്കൽ- 110/- (തനത് ഫണ്ട്) 300000/- (ജില്ലാ പഞ്ചായത്ത് വിഹിതം) | 42201403/ 07.03.2023 22201155/ 15.03.2023 | 300000/- 110/- | KSEB കൊടുങ്ങല്ലൂരിന് തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| ഘടകസ്ഥാപനങ്ങളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ, 191/23 അടങ്കൽ-1040600/-(തനത് ഫണ്ട്) | 42201120/ 31.03.2023 | 1040600/- | ANERT,Thrissur ന് തുക കൈമാറിയിട്ടുണ്ട്. കരാർ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| പഞ്ചായത്ത് ഓഫീസിൽ നിരീക്ഷണ കാമറകൾ സ്ഥാപിക്കൽ, 204/23 അടങ്കൽ-600000/- (തനത് ഫണ്ട്) | 42201111/ 29.03.2023 | 570000/- | പബ്ലിക്ക് വർക്ക് ഡിപ്പാർട്ടുമെന്റ്, തൃശ്ശൂരിന് തുക കൈമാറി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

**1-16 കന്നുകുട്ടി പരിപാലനം-പദ്ധതിയിൽ നിന്നും വിട്ടുപോയ ഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.**

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായ, കന്നുകുട്ടി പരിപാലനം എന്ന പ്രൊജക്ടിൽ 50 ഗുണഭോക്താക്കക്കായി ഓരാൾക്ക് 12500 രൂപ നിരക്കിൽ (സംസ്ഥാന വിഹിതം ഉൾപ്പെടെ) 625000 രൂപ തൃശ്ശൂർ ജില്ല എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ-625000/-

വൗച്ചർ നം.42201235/27.12.2022 – 500000/-

വൗച്ചർ നം.42201270/-24.01.2023 – 125000/-

| പ്രൊജക്ട് നം | ഗുണഭോക്താവിന്റെ പേര് | തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|---|
| 126/23 | ചന്ദ്രൻ ചിറയിൽ | 06/2023 വരെ മാത്രം നൽകിയിട്ടുള്ളൂ. ( മരണപ്പെട്ടു |

| | | |
|---|---|---|
| | | എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു) |
| | കോമളവല്ലി | 04/2023 വരെ മാത്രം നൽകിയിട്ടുള്ളൂ. ( മരണപ്പെട്ടു എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു) |
| | സുരേന്ദ്രൻ | 08/2023 വരെ നൽകിയിട്ടുള്ളൂ. ( മരണപ്പെട്ടു എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു) |

ഇത്തരത്തിൽ പദ്ധതി പൂർത്തീകരിക്കാതെ വിട്ടുപോയ ഗുണഭോക്താക്കൾക്ക് വേണ്ടി പഞ്ചായത്ത് അടവാക്കിയ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക്, എസ് എൽ ബി പി പ്രോജക്ട് ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 26/5.1.2023).

## 1-17 60 വയസ്സിന് താഴെയുള്ള കിടപ്പ് രോഗികൾക്ക് കട്ടിൽ വിതരണം - രേഖകൾ ലഭ്യമാക്കിയില്ല - ചെലവ് തടസപ്പെടുത്തുന്നു

പ്രൊജക്റ്റ് നം.195/23, 60വയസ്സിന് താഴെയുള്ള കിടപ്പ് രോഗികൾക്ക് കട്ടിൽ വിതരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.

ചെലവ് തുക : 58000 രൂപ (വൗച്ചർ നം.42201160 തീ.12.07.2022)

മേൽ പ്രൊജക്റ്റ് പ്രകാരം 60 വയസ്സിന് താഴെയുള്ള കിടപ്പ് രോഗികൾക്ക് കട്ടിൽ വിതരണത്തിനായി ആർട്ട്കോ ലിമിറ്റഡിൽ നിന്നും 5 കട്ടിലുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. (ഇൻവോയ്സ് നം. TSR 318,തീ.08.02.2023). 17.01.2023 ലെ ഭരണസമിതി തീരുമാനം നം.1/11 പ്രകാരം 5 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷ, മെഡിക്കൽ റിപ്പോർട്ട്, കട്ടിൽ വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം.27 തീ.05.12.2023). രേഖകൾ ലഭ്യമാക്കുന്നത് വരെ 58000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളായ കെട്ടിടങ്ങൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ അങ്കണവാടികൾ എന്നിവയ്ക്കെല്ലാം ഫിറ്റ്നെസ്സ് ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുന്നതിനായി നൽകിയ 2/27.11.23 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ 29 അങ്കണവാടികൾക്കും ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് അസി. എൻജിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച മറ്റു കെട്ടിടങ്ങളുടെയും ഫിറ്റ്നെസ്സ് സംബന്ധിച്ച അവസ്ഥ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-19 വാട്ടർ അതോറിറ്റിയിൽനിന്നുള്ള സ്പഷ്ടീകരണം ലഭ്യമാകുന്ന മുറക്ക് റെസ്റ്റോറേഷൻ പ്രവൃത്തികൾ ത്വരിതമാക്കേണ്ടതാണ്

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി പൊളിച്ച ഗ്രാമപഞ്ചായത്തിലെ എത്ര റോഡുകളുടെ എണ്ണം, ആയതിന്റെ വിസ്തീർണം, കേരള വാട്ടർ അതോറിറി ആയതിലേക്ക് അടവാക്കിയ റെസ്റ്റോറേഷൻ ചാർജ്, റെസ്റ്റോറേഷൻ പ്രവൃത്തികൾക്കായി ആവിഷ്കരിച്ച പ്രൊജക്ടുകളുടെയും പൂർത്തീകരിച്ചവയുടെയും ബാക്കി നിൽക്കുന്നവയുടെയും വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ 3/27.11.23 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 79 റോഡുകൾ 30093.55 ച. മീറ്റർ വിസ്തീർണത്തിൽ

പൊളിച്ചിട്ടുണ്ടെന്നും അവയ്ക്കായി 66861046/- രൂപ റെസ്റ്റോറേഷൻ ചാർജ് ആയി അടവാക്കിയിട്ടുണ്ടെന്നും അവയിൽ 9 റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾക്കായി 2758000/- രൂപയുടെ പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് ഒരെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും, രണ്ടെണ്ണം പുരോഗമിക്കുന്നുണ്ടെന്നും 6 എണ്ണം ആരംഭിക്കാത്തവയുണ്ടെന്നും അസി. എൻജിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ജലജീവൻ മിഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച് പലതവണ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കാത്തതിനാൽ പ്രവൃത്തികൾ പദ്ധതിയുടെ ഭാഗമാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നും അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽനിന്നുള്ള സ്പഷ്ടീകരണം ലഭ്യമാകുന്ന മുറക്ക് പദ്ധതിപ്രവർത്തനങ്ങൾ ത്വരിതമാക്കി ആയത് കുറ്റമറ്റ രീതിയിൽ നിർവഹിക്കപ്പെടുന്നു എന്നുള്ളത് ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 നാഷണൽ ഹൈവേ വികസനവുമായി ബന്ധപെട്ട് നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുത്ത ഗ്രാമപഞ്ചായത്ത് വക ആസ്തികളുടെ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതമാക്കേണ്ടതാണ്

നാഷണൽ ഹൈവേ 66 വികസനവുമായി ബന്ധപ്പെട്ട് നിർദിഷ്ട നാഷണൽ ഹൈവേ ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം ആസ്തികളിലൂടെ കടന്നുപോകുന്നുണ്ട്, നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റിയുമായി നടത്തിയ ആശയവിനിമയം, കത്തിടപാടുകൾ , പുതിയ നാഷണൽ ഹൈവേ നീക്കം ചെയ്ത ഗ്രാമപഞ്ചായത്ത് ആസ്തികളുടെ വിസ്തീർണം,നഷ്ടപരിഹാരം ലഭ്യമാകുന്നത് സംബന്ധിച്ച നാഷണൽ ഹൈവേ അതോറിറ്റി കോമ്പിറ്റന്റ് അതോറിറ്റിയിൽ നിന്നും ലഭിച്ച ഉത്തരവ്, ആയതിന്മേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം, നഷ്ടപരിഹാരത്തുക ലഭിച്ചതിന്റെ വിവരം എന്നിവ സംബന്ധിച്ച് 4/27.11.23 നമ്പർ ഓഡിറ്റ് എൻക്വയറി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. എൻജിനീയർ എന്നവർക്ക് നൽകിയിരുന്നു. ആയതിന് അസി. എൻജിനീയർ നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ വാർഡ് 4 ൽ, ഉൾപെടുന്ന പുതിയകാവ് മസ്ജിദ് റോഡ്, വാർഡ് 8 ൽ ഉൾപെടുന്ന മതിൽമൂല ഇഴവത്ര റോഡ്, പൂവത്തുകടവ് ഫെറി റോഡ് എന്നിവയിലൂടെ ദേശീയപാത കടന്നുപോകുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള കെട്ടിടം, ചുറ്റുമതിൽ, നടപ്പാത എന്നിയിലൂടെ കടന്നുപോകുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച കത്തിടപാടുകളുടെ വിവരം അസി. എൻജിനീയറുടെ കാര്യാലയത്തിൽ ലഭ്യമല്ലെന്നും,നാഷണൽ ഹൈവേ കടന്നുപോകുന്നതുമൂലം കുറവ് വരുന്ന റോഡ് ഭാഗങ്ങളുടെ നീളം കുറവ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിട്ടില്ല എന്നും ആയത് ലഭ്യമാകുന്നമുറക്ക് ആസ്തിയിൽ കുറവ് ചെയ്യുമെന്നും നഷ്ടപരിഹാരം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അസി. എൻജിനീയറുടെ കാര്യാലയത്തിൽ ലഭ്യമല്ല എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് വക ആസ്തികളുടെ സൂക്ഷിപ്പുകാരനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

2005-ലെ കേരളാ പഞ്ചായത്തുരാജ് (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ അദ്ധ്യായം 2 (വസ്തു കൈയ്യൊഴിയൽ) ചട്ടം 6 അനുസരിച്ച് പഞ്ചായത്തിന്റെ സ്വന്തമായിട്ടുള്ള വസ്തുക്കൾ വില്പന വഴി കൈമാറ്റം ചെയ്യുവാനാണ് സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ വ്യവസ്ഥയുള്ളത്. ആസ്തികൾ മറ്റ് തരത്തിൽ കൈമാറ്റം ചെയ്യുവാൻ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

നാഷണൽ ഹൈവേ അക്വിസിഷനുമായി ബന്ധപ്പെട്ട് ഭൂമി കൈയ്യൊഴിയുന്ന സ്വകാര്യ വ്യക്തികൾക്ക് ഗവ. ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റി നഷ്ടപരിഹാര തുക നൽകി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെടുന്ന ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി വികസനത്തിനായി ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും ആയതിന്റെ മൂല്യശോഷണം സംഭവിക്കുന്നതാകയാൽ, ന്യായമായും ആയതിന്റെ നഷ്ടപരിഹാരം ലഭിക്കേണ്ടതുതന്നെയാണ്. ആയതിനാൽ ഇക്കാര്യം എത്രയും വേഗം ഭരണവകുപ്പിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തി സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 തൊഴിലുറപ്പുപദ്ധതി-ക്വാറി മക്ക് ഫില്ലിങ്ങിന് പ്രൈസ് സോഫ്റ്റ് വെയർ നിരക്കിനെക്കാൾ ഉയർന്ന നിരക്ക് നൽകുന്നു

ഈ ഇനത്തിന് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരമുള്ള നിരക്ക് ഘനമീറ്ററിന് 928.23 രൂപയാണ്. തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ ചെയ്ത പ്രവൃത്തികൾക്ക് ഘനമീറ്ററിന് 1514.015 രൂപ, 1666.275 രൂപ എന്നിങ്ങനെയാണ് നിരക്ക് അനുവദിച്ചത്. പ്രൈസ് സോഫ്റ്റ്‌വെയറിലെ നിരക്കും തൊഴിലുറപ്പുപദ്ധതിയുടെ സെക്യൂർ സോഫ്റ്റ്വെയർ നിരക്കും തമ്മിൽ 585.79 (1514.015-928.23), 738.05 (1666.275-928.23) രൂപയുടെ വ്യത്യാസമുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയർ നിരക്കുമായി വിവിധ പ്രവൃത്തികളുടെ നിർവഹണത്തിലുണ്ടായ വിലയുടെ അന്തരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവുപുസ്തകം | ചെയ്ത ക്വാറിമക്ക് ഫില്ലിങിന്റെ അളവ് | നൽകിയ നിരക്ക് (തൊഴിലുറപ്പ്) | നിരക്കിലുള്ള അന്തരം (പ്രൈസ് നിരക്കുമായി) | വിലയിലെ അന്തരം |
|---|---|---|---|---|---|
| പുതിയകാവ് സൗത്ത് പരിസരം റോഡ് നിർമാണം | 155 | 13.1990 | 1666.275 | 738.05 | 9742/ |
| കാതിക്കോട് പ്രദേശത്ത് നടപ്പാത നിർമാണം | 158 | 42.4320 | 1514.015 | 585.79 | 24856/ |
| എമ്മാട് പരിസരം കോൺക്രീറ്റ് റോഡ് നിർമാണം | 154 | 31.513 | 1666.275 | 738.05 | 23258/ |
| പള്ളിവളവ് പ്രദേശത്ത് കോൺക്രീറ്റ് റോഡ് നിർമാണം | 160 | 11.25 | 1514.015 | 585.79 | 6590/ |
| പുന്നക്കബസാർ പരിസരം കോൺക്രീറ്റ് റോഡ് നിർമാണം | 134 | 19.0060 | „ | „ | 11134/ |
| കഴവിലങ്ങ് പരിസരം കോൺക്രീറ്റ് റോഡ് നിർമാണം | 162 | 39.24 | „ | „ | 22986/ |
| നെടുമ്പറമ്പ് പ്രദേശത്ത് റോഡ് നിർമാണം | 159 | 51.30 | „ | „ | 30051/ |
| കളരിപ്പറമ്പ് പ്രദേശത്ത് | 161 | 42.66 | „ | „ | 24990/ |

| | | | | | |
|---|---|---|---|---|---|
| കോൺക്രീറ്റ് റോഡ് നിർമാണം | | | | | |
| മതിലകം പരിസരം കോൺക്രീറ്റ് റോഡ് നിർമാണം | 157 | 15.66 | ,, | ,, | 9173/ |
| തട്ടുങ്ങൽ പരിസരം കോൺക്രീറ്റ് റോഡ് നിർമാണം | 135 | 51.03 | ,, | ,, | 29893/ |
| ഹൈസ്കൂൾ പരിസരം റോഡ് നിർമാണം | 156 | 29.25 | ,, | ,, | 17134/ |
| പൂവത്തുംകടവ് പരിസരം റോഡ് നിർമാണം | 163 | 47.835 | ,, | ,, | 28021/ |
| ആകെ | | | | | 237887 |

തൊഴിലുറപ്പുപദ്ധതിയിലെ സെക്യൂർ സോഫ്റ്റ്വെയർ പ്രകാരമുള്ള ഈ ഉയർന്ന നിരക്ക് തൊഴിലുറപ്പുപദ്ധതി മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 9/25/11/23 ) .

## 1-22 തൊഴിലുറപ്പുപദ്ധതി- സാധനസാമഗ്രികളുടെ വിതരണം - ജി. എസ്. റ്റി കുറവ് വരുത്തിയിട്ടില്ല

സർക്കാർ ഉത്തരവ് 93/12 (കൈ )/ത. സ്വ. ഭ. വ 31/3/12 പ്രകാരമാണ് തൊഴിലുറപ്പുപദ്ധതികൾക്കുള്ള സാധനസാമഗ്രികൾ സമാഹരിക്കേണ്ടത്. ഇതനുസരിച്ച് മത്സരാധിഷ്ഠിത ടെൻഡറുകളും നടത്തേണ്ടതാണ്.

2017 ലെ ജി. എസ്. റ്റി നിയമം 51 നമ്പർ വകുപ്പ് , 21/7/28 ലെ ജി. എസ്. റ്റി കൗൺസിലിന്റെ 28 നമ്പർ തീരുമാനം എന്നിവ അനുസരിച്ച് 250000/- രൂപക്കോ, അതിനു മുകളിലോ സാധനസാമഗ്രികൾ വാങ്ങുമ്പോൾ ഉറവിടത്തിൽനിന്നും 2% ജി. എസ്. റ്റി., ടി.ഡി.എസ് ആയി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി സാധനസാഗ്രികൾ വിതരണം നടത്തിയ ശ്രീജിത്ത് കെ. എസ്. എന്നവർ ഹാജരാക്കിയ ഇൻവോയ്സുകളിൽ നിന്നും ജി. എസ്. റ്റി കുറവ് വരുത്താതെ ചെലവ് നടത്തിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവുപുസ്തകം | പ്രവൃത്തിമൂല്യം | സാധന സാമഗ്രികളുടെ വില | ഈടാക്കേണ്ട ജി. എസ്. റ്റി (2%) |
|---|---|---|---|---|
| കാതിക്കോട് പ്രദേശത്ത് നടപ്പാത നിർമാണം | 158 | 496441/ | 405000/ | 8100/ |
| പൂവത്തും കടവ് | 163 | 462213/ | 349678/ | 6994/ |

| | | | | |
|---|---|---|---|---|
| പരിസരം കോൺക്രീറ്റ് റോഡ് നിർമാണം | | | | |
| തട്ടുങ്ങൽ പരിസരം ,, | 135 | 495551/ | 354758/ | 7095/ |
| കളരിപ്പറമ്പ് പരിസരം ,, | 161 | 412209/ | 325231/ | 6505/ |
| നെടുംപറമ്പ് പ്രദേശത്ത് റോഡ് നിർമാണം | 169 | 495695/ | 390368/ | 7807/ |
| കഴവിലങ്ങ് പരിസരം കോൺക്രീറ്റ് റോഡ് നിർമാണം | 162 | 498166/ | 366380/ | 7328/ |

ഭാവിയിൽ സാധനസാമഗ്രികൾ വാങ്ങുമ്പോൾ ജി.എസ്.ടി. നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഉറവിടത്തിൽ നിന്നും ജി.എസ്.ടി.,ടി.ഡി.എസ്. ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 10/29.11.23)

## 1-23 തൊഴിലുറപ്പുപദ്ധതി-സിമന്റിന് ഉയർന്ന നിരക്ക് നൽകുന്നു

തൊഴിലുറപ്പുപദ്ധതി മിഷൻ ഡയറക്ടർ 17.08.2022ന് എല്ലാ ജില്ലകളിലെയും ജോയിന്റ് പ്രോഗ്രാം കോഡിനേറ്റർമാർക്ക് നൽകിയ കത്തിൽ സിമന്റിന് മാർക്കറ്റ് വിലയേ നൽകാൻ പാടുള്ളൂ എന്നും ആയത് വാങ്ങിയതിന്റെ ഇൻവോയ്സിൽ ബ്രാൻഡിന്റെ പേര് ചേർക്കണമെന്നും ബിൽ തുക അനുവദിക്കുന്ന അവസരത്തിൽ ജി. എസ്. റ്റി ഈടാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ 2022-23 വർഷം സാധനസാമഗ്രികളുടെ വിതരണം നടത്തിയ ശ്രീജിത്ത് കെ. എസ്. എന്നവർ ഹാജരാക്കിയ ടിയാന്റെ പേരിലുള്ള ഇൻവോയ്സുകളിൽ ഒന്നും തന്നെ സിമന്റിന്റെ ബ്രാൻഡ് രേഖപ്പെടുത്തിയിരുന്നില്ല.

തൊഴിലുറപ്പുപദ്ധതിയുടെ സെക്യൂർ സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കുന്ന വിശദമായ എസ്റ്റിമേറ്റിൽ ഈ ഇനത്തിനുള്ള നിരക്ക് ടണ്ണിന് 11520/ രൂപയാണ്. ഇത് പ്രകാരം ഒരു ചാക്ക് സിമന്റ് വില 576/ രൂപയാണ്. ഇത് മാർക്കറ്റ് വിലയുമായി ഗണ്യമായി അന്തരം പുലർത്തുന്നുണ്ട്. അതേ സമയം പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമുള്ള നിരക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| തൊഴിലുറപ്പുപദ്ധതി പ്രകാരം സിമന്റിന്റെ നിരക്ക് | 11520/ ടൺ |
| പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം സിമന്റിന്റെ വില<br>കൂട്ടുക, 5% ഓവർഹെഡ് ചാർജ്<br>ആകെ<br>കൂട്ടുക, 10% കരാറുകാരന്റെ ലാഭം<br>ആകെ<br>കൂട്ടുക, 35.59% കോസ്റ്റ് ഇൻഡക്സ്<br>പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം നിരക്ക് | 5032.24/ടൺ<br>251.64<br>5283.88<br>528.39<br>5812.27<br>2068.59<br>7880.86/ടൺ |

ഇതനുസരിച്ച് ഒരു ടൺ സിമന്റിന്റെ വിലയിൽ സെക്യൂവർ സോഫ്റ്റ് വെയർ നിരക്കും പ്രൈസ് സോഫ്റ്റ് വെയർ

നിരക്കും തമ്മിൽ ടണ്ണിന് 3639.14 രൂപയുടെ (11520-7880.86) അന്തരമുണ്ട്.

ഗ്രാമ പഞ്ചായത്തിൽ, 2021-22 വർഷം നടത്തിയ ടെൻഡറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീജിത്ത് കെ. എസ്. രേഖപ്പെടുത്തിയ ടണ്ണിന് 11520/ എന്ന നിരക്കിലാണ് 2022-23 വർഷത്തെ മെറ്റീരിയൽ പ്രവൃത്തികൾക്ക് സിമന്റ് വിതരണം നടത്തിയത്.

പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ ക്വാറി മക്ക്, മെറ്റലുകൾ, എം. സാന്റ് , സിമന്റ് എന്നിവ വിതരണം നടത്തിയ മേൽ സൂചിപ്പിച്ച കരാറുകാരൻ ടിയാന്റെ പേരിലുള്ള ഇൻവോയ്സുകളാണ് ലഭ്യമാക്കിയത്. ടി ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള ഫോൺ നമ്പർ ഏതെങ്കിലും വാണിജ്യസ്ഥാപനത്തിന്റെതല്ല, മറിച്ച് ചേലക്കര കൂട്ടായ്മ എന്ന ഫേസ് ബുക്ക് നമ്പറാണ്. ആയതിനാൽ തന്നെ ഹാജരാക്കിയ ഇൻവോയ്സ് യഥാർത്ഥത്തിൽ ഉള്ള സ്ഥാപനത്തിന്റെതല്ല. മിഷൻ ഡയറക്ടർ നൽകിയ കത്തിൽ സിമന്റ് വാങ്ങുന്നതിന്റെ ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കണമെന്ന് പ്രത്യേകം നിർദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ കരാറുകാരൻ യഥാർഥ ഇൻവോയ്സ് ഹാജരാക്കാത്തതിന്റെ വിശദീകരണം ലഭ്യക്കേണ്ടതാണ്.

യഥാർത്ഥ ഇൻവോയ്സ് വിതരണക്കാരൻ ലഭ്യമാക്കാത്ത സാഹചര്യത്തിൽ സിമന്റിന്റെ മാർക്കറ്റ് വിലയുമായി സെക്യൂർ സോഫ്റ്റ്‌വെയർ പ്രകാരമുള്ള നിരക്ക് താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

സാമ്പത്തികവർഷം 12 പ്രവൃത്തികൾക്കായി താഴെ വിവരിക്കും പ്രകാരം സിമന്റ് ഉപയോഗിച്ചിട്ടുണ്ട്.

| പ്രവൃത്തി | അളവു പുസ്തകം | ഉപയോഗിച്ച സിമന്റ് (ടൺ) |
|---|---|---|
| പുതിയകാവ് പരിസരം റോഡ് കോൺക്രീറ്റിങ് | 155 | 4.22 |
| കാതിക്കോട് പ്രദേശത്ത് നടപ്പാത നിർമ്മാണം | 158 | 14.4748 |
| എമ്മാട് പരിസരം കോൺക്രീറ്റ് റോഡ് നിർമ്മാണം | 154 | 10.1098 |
| പള്ളിവളവ് പ്രദേശത്ത് കോൺക്രീറ്റ് റോഡ് നിർമ്മാണം | 160 | 3.60 |
| പൂന്നക്കബസാർ പരിസരം റോഡ് കോൺക്രീറ്റ് റോഡ് നിർമ്മാണം | 134 | 6.0819 |
| തട്ടുങ്ങൽ പരിസരം കോൺക്രീറ്റ് റോഡ് നിർമ്മാണം | 135 | 16.3296 |
| കഴുവിലങ്ങ് പരിസരം കോൺക്രീറ്റ് റോഡ് നിർമ്മാണം | 162 | 15.696 |
| നെടുംപറമ്പ് പ്രദേശത്ത് റോഡ് നിർമ്മാണം | 159 | 16.4160 |
| കളരിപ്പറമ്പ് പ്രദേശത്ത് കോൺക്രീറ്റ് റോഡ് നിർമ്മാണം | 161 | 13.65 |
| മതിലകം പരിസരം കോൺക്രീറ്റ് റോഡ് നിർമ്മാണം | 157 | 5.01 |
| മതിലകം ഹൈസ്കൂൾ പരിസരം കോൺക്രീറ്റ് റോഡ് നിർമ്മാണം | 156 | 9.36 |
| പൂവത്തുംകടവ് പരിസരം കോൺക്രീറ്റ് റോഡ് നിർമ്മാണം | 163 | 15.3072 |

ഭാവിയിൽ വിതരണക്കാരോട് സിമന്റ് വാങ്ങുന്നതിന്റെ യഥാർത്ഥ ഇൻവോയ്സ് ഹാജരാക്കാൻ ആവശ്യപ്പെട്ട ആയതിന് അനുസൃതമായി മാത്രം തുക അനുവദിക്കുവാനും ശ്രദ്ധിക്കേണ്ടതാണ് ( ഓഡിറ്റ് എൻക്വയറി നമ്പർ

8/29.11.23 ) .

## 1-24 ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച ആധാരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ സ്ഥിരാസ്തികളുടെ എണ്ണമെത്ര, എല്ലാ സ്ഥിരാസ്തികൾക്കും ആധാരങ്ങൾ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുണ്ടോ,ആധാരങ്ങൾ ഇല്ലാത്ത സ്ഥിരാസ്തികളുടെ പേരുവിവരങ്ങൾ, ആധാരങ്ങളുള്ള സ്ഥിരാസ്തികൾ ഏതെങ്കിലും ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപെടുത്താത്തതായുണ്ടോ എന്നുള്ള 1/27.11.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മറുപടി നൽകാത്തതിന്റെ കാരണം വിശദമാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളുടെയും ഉടമസ്ഥത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതുമാണ്.

## 1-25 പൊതുടാപ്പുകളുടെ സംയുക്തപരിശോധന -വിവരം അറിയിക്കേണ്ടതാണ്

മതിലകം ഗ്രാമ പഞ്ചായത്തിൽ 2023 ജനവരി വരെ പ്രതിമാസം 360 ടാപ്പുകൾക്ക് 173640/- രൂപയാണ് വെള്ളക്കരം അടവാക്കിയിരുന്നത്. എന്നാൽ 2023 ഫെബ്രുവരി , മാർച്ച് മാസങ്ങളിൽ 436770/- രൂപയാണ് പ്രതിമാസം അടവാക്കിയിട്ടുള്ളത്. വെള്ളക്കരത്തിൽ ഭീമമായ വർദ്ധനവ് വന്നിരിക്കുന്നതിനാൽ പ്രതിവർഷം 5241240/- രൂപ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നിന്നും അടവാക്കേണ്ടിവരും. ഇത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ അടിയന്തിരമായി പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുന്നതിന് ഭരണസമിതി (22.2.23 തിയ്യതിയിലെ തീരുമാനം 8 ) തീരുമാനിച്ചിരുന്നു. ആയതിന്റെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-26 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി-വാർഷിക കണക്കുകൾ സമർപ്പിച്ച വിവരം ലഭ്യമല്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ, സർക്കാർ ഉത്തരവ് (ആർ.റ്റി.) 3379/2004 എച്ച് & എഫ്.ഡബ്ല്യു.ഡി തീ. 03.12.2004 എന്നിവ പ്രകാരം രൂപീകൃതമായിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മതിലകം ഹോമിയോ ഡിസ്പെൻസറി, മതിലകം എഫ്.എച്ച്.സി, മതിലകം ആയുർവ്വേദ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി അവസാനം സമർപ്പിച്ചത് ഏത് സാമ്പത്തിക വർഷത്തിലാണെന്നും 2022-23 വരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് കണക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ തുടർച്ചയായ കണക്കുകൾ സമർപ്പിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 12/29.11.2023) മതിലകം ഹോമിയോ ഡിസ്പെൻസറി, മതിലകം എഫ്.എച്ച്.സി എന്നിവർ മറുപടി ലഭ്യമാക്കിയില്ല. മതിലകം ആയുർവ്വേദ ഡിസ്പെൻസറിയുടെ 2021-22 വർഷം വരെയുള്ള എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ടെന്നും 2022-23 വർഷത്തെ കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മതിലകം ആയുർവ്വേദ ഡിസ്പെൻസറി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ 2022-23 വർഷത്തെ വാർഷിക കണക്കുകളും മതിലകം ഹോമിയോ ഡിസ്പെൻസറി, മതിലകം എഫ്.എച്ച്.സി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ 2022-23 വരെയുള്ള വർഷങ്ങളിലെ ഇതുവരെയും സമർപ്പിക്കാത്ത വാർഷിക കണക്കുകളും ഓഡിറ്റിനായി ജില്ല ഓഡിറ്റ് കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

## 1-27 കോക്ലിയർ ഇംപ്ലാന്റേഷന് ധനസഹായം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 74/23 |
| അടങ്കൽ ഫണ്ട് | 200000/ വികസനഫണ്ട് ജനറൽ |

| | |
|---|---|
| ബിൽ നമ്പർ, തുക | 6/12/12/22, 50000/<br>8/17/11/22, 50000/<br>10/12/1/23, 50000/<br>19/16/3/23. 50000/ |
| ആകെ ചെലവ് | 200000/ രൂപ |

മേൽപ്രകാരം നാലു ഗുണഭോക്താക്കൾക്കുള്ള ധനസഹായമായി രണ്ട് ലക്ഷം രൂപ കേരള സാമൂഹ്യനീതി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് ( ഓഡിറ്റ് എൻക്വയറി നമ്പർ 31 തീ.06.12.2023) .

## 1-28 ഭിന്നശേഷിയുള്ളവരുടെ ഡാറ്റാബേസ് തയ്യാറാക്കൽ-ദിവസവേതനം നൽകിയതിന് മസ്റ്റർ റോൾ ,കൈപ്പറ്റ് രശീതി എന്നിവ സൂക്ഷിച്ചിട്ടില്ല

പ്രൊജക്റ്റ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 94/23 |
| അടങ്കൽ, ഫണ്ട് | 50000/- വികസന ഫണ്ട് (ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ. സി. ഡി. എസ് സൂപ്പർവൈസർ |
| ബിൽ നമ്പർ, തുക | 23/31/3/23, 14560/ |
| വൗച്ചർ നം., തീയതി, തുക | 42201356/31.03.2023 14560/- |

മേൽ ബിൽ നമ്പർ പ്രകാരം ഈ പ്രൊജക്റ്റിനുവേണ്ടി ഡാറ്റ എൻട്രി നടത്തിയതിന് മജീഷ പി. എം. എന്നവർക്ക് ദിവസവേതനം ആയി 4530/ രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ മസ്റ്റർ റോൾ, കൈപ്പറ്റ് രശീതി എന്നിവ ലഭ്യമാക്കാത്തതിനാൽ 4530/ രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 അമൃതം ഫുഡ് സപ്ലിമെന്റ് - വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 67/23, 1/23 അംഗൻവാടി പോഷകാഹാര പദ്ധതി എന്നീ പ്രൊജക്റ്റുകൾ പ്രകാരം അമൂല്യ തേജസ് ആക്റ്റിവിറ്റി ഗ്രൂപ്പ് , എടവിലങ്ങ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം അമൃതം ഫുഡ് 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

പ്രൊജക്റ്റുകൾ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 67/23 |
| അടങ്കൽ, ഫണ്ട് | 571000/ വികസനഫണ്ട് ജനറൽ<br>1000000/ കേന്ദ്രാവിഷ്കൃതവിഹിതം<br>200000/ ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>468667/ ജില്ലാ പഞ്ചായത്ത് |

| | |
|---|---|
| | വിഹിതം<br>ആകെ 2239667/ രൂപ |

| ഇൻവോയ്സ് നമ്പർ , തീ | തുക | CGST | KGST | ബിൽ സാങ്ഷൻ നമ്പർ, തുക |
|---|---|---|---|---|
| A-438/28/6/22<br>A-448/19/7/22<br>A-446/30/8/22 | 103050/<br>105549/<br>103058/ | 1031/<br>1055/<br>1031/ | 1031/<br>1055/<br>1031/ | 75/6/10/22, 468660/ |
| A-458/26 /10/22<br>A-465/26 /12/22<br>A-450/29/9/22 | 97622/<br>100113/<br>98754/ | 976/<br>1001/<br>988/ | 976/<br>1001/<br>988/ | 157/14 /12/22, 171000/<br>26/16/2/23, 480409/ |
| A-469/28/3/23 | 98980/ | 990/ | 990/ | 417/28 /3/23, 400000/ |

2.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 1/23 |
| അടങ്കൽ, ഫണ്ട് | 1000000/, സി. എഫ്. സി ഗ്രാന്റ് |

| ഇൻവോയ്സ് നമ്പർ , തീയതി | തുക | CGST | KGST | ബിൽ സാങ്ഷൻ നമ്പർ, തുക |
|---|---|---|---|---|
| A-408/7/1/22<br>423/5/3/22<br>432/27/5/22 | 135450/<br>8064/<br>103050/ | 1355/<br>81/<br>1031/ | 1355/<br>81/<br>1031/ | 22/30/5/22, 853147/ |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരവും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. ഭാവിയിൽ അമൃതം ഫുഡ് സപ്ലിമെന്റ് വാങ്ങുമ്പോൾ ജി.എസ്.ടി. വ്യവസ്ഥകൾക്കനുസരിച്ച് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 31/തീ.06.12.23 ) .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രൊജക്ടുകൾക്ക് തൻവർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (4/23) | **42201099/ 29.03.2023** | 1591635 | 0 | 1591635 |
| KSEB | പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (26/23) | **42201187/ 29.10.2022** | 284168 | 0 | 284168 |
| KWA | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (27/23) | **42200179/ 08.06.2022** | 851423 | 851423 | 0 |
| KSEB | സ്ട്രീറ്റ് മെയിൻ മീറ്ററുകൾ സ്ഥാപിക്കൽ (66/23) | **42200616/ 21.11.2022** | 299525 | 0 | 299525 |
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ വാർഡ് 13 (223/23) | **42201403/ 07.03.2023** 22201155/ 15.03.2023 | 300000 110 | 0 | 300110 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | GO(MS)68/18 Dtd.18/05/2018 | | 92,59,432 | 1600756 | 0 | 76,58,676 |

## 4-5 സ്ഥിര നിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,08,00,000 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 6,76,61,046 | |
| 3 | ആകെ | 7,76,61,046 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7,76,61,046 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | No.0169834 (29/03/23-29/03/24) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0169835 (29/03/23-29/03/24) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0169836 (29/03/23-29/03/24) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0169837 (29/03/23-29/03/24) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0169838 (29/03/23-29/03/24) Pappinivattom Service Co-Operative Bank | 5,00,000 |

| | | | |
|---|---|---|---|
| | | No.0169839 (29/03/23-29/03/24) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0169840 (29/03/23-29/03/24) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0169841 (29/03/23-29/03/24) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0169842 (29/03/23-29/03/24) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0169843 (29/03/23-29/03/24) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0168370 (24/05/22-24/05/23) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0168371 (24/05/22-24/05/23) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0168372 (24/05/22-24/05/23) | 5,00,000 |

| | | | |
|---|---|---|---|
| | | Pappinivattom Service Co-Operative Bank | |
| | | No.0168373 (24/05/22-24/05/23) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0168374 (24/05/22-24/05/23) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0168375 (24/05/22-24/05/23) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0168376 (24/05/22-24/05/23) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0168377 (24/05/22-24/05/23) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0168378 (24/05/22-24/05/23) Pappinivattom Service Co-Operative Bank | 5,00,000 |
| | | No.0168379 (24/05/22-24/05/23) Pappinivattom Service Co-Operative Bank | 5,00,000 |

| | | | |
|---|---|---|---|
| | | No.134062 (28/02/23-28/02/24) Pappinivattom Service Co-Operative Bank | 1,00,000 |
| | | No.134063 (28/02/23-28/02/24) Pappinivattom Service Co-Operative Bank | 1,00,000 |
| | | No.134064 (28/02/23-28/02/24) Pappinivattom Service Co-Operative Bank | 1,00,000 |
| | | No.134065 (28/02/23-28/02/24) Pappinivattom Service Co-Operative Bank | 1,00,000 |
| | | No.134066 (28/02/23-28/02/24) Pappinivattom Service Co-Operative Bank | 1,00,000 |
| | | No.134067 (28/02/23-28/02/24) Pappinivattom Service Co-Operative Bank | 1,00,000 |
| | | No.134068 (28/02/23-28/02/24) Pappinivattom Service Co-Operative Bank | 1,00,000 |
| | | No.134069 (28/02/23-28/02/24) | 1,00,000 |

| | | | |
|---|---|---|---|
| | | Pappinivattom Service Co-Operative Bank | |
| | | No.0248782 (23/12/22-23/06/23) Pappinivattom Service Co-Operative Bank | 68,61,046 |
| | | No.0248783 (23/12/22-23/06/23) Pappinivattom Service Co-Operative Bank | 1,00,00,000 |
| | | No.0248784 (23/12/22-23/06/23) Pappinivattom Service Co-Operative Bank | 1,00,00,000 |
| | | No.0248785 (23/12/22-23/06/23) Pappinivattom Service Co-Operative Bank | 1,00,00,000 |
| | | No.0248786 (23/12/22-23/06/23) Pappinivattom Service Co-Operative Bank | 1,00,00,000 |
| | | No.0248787 (23/12/22-23/06/23) Pappinivattom Service Co-Operative Bank | 1,00,00,000 |
| | | No.0248788 (23/12/22-23/06/23) Pappinivattom Service Co-Operative Bank | 1,00,00,000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2000-01 | 4(1) | 100 | ഫിമ ലാബ് | 1220101601/19.07.2022 |
| | 4(2) | 50 | ഫിമ ലാബ് | 1220101915/20.08.2022 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 3-21 | 2006-2007 | 3.53.4 | K.S.E.Bയിൽ നിക്ഷേപം - പദ്ധതി പൂർത്തീകരണത്തിന്റെ വിവരങ്ങൾ 10.12.2019ൽ ടി തുക വിനിയോഗിച്ചിട്ടുണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട് ഹാജരാക്കിയില്ല. 26650 രൂപ തടസ്സപ്പെടുത്തുന്നു. | 10.12.2019ൽ ടി തുക വിനിയോഗിച്ചിട്ടുണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട് |
| 2007-2008 | 3-9 എ | 2012-2013 | | എസ്.0.06 പ്രൊജക്ട് പ്രകാരം രജിസ്റ്റർ ചെയ്ത 6 കുടുംബശ്രീയൂണിറ്റുകൾക്ക് ആടുവളർത്തൽ ലക്ഷ്യമാക്കി30000 രൂപ വീതം സബ്സിഡി നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്തിരുന്നു. പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം ശ്രേയസ് , ശ്രീപ്രിയ , ധനശക്തി , അനാർക്കലി , ശിങ്കാരി ,സംഗമം എന്നീ കുടുംബശ്രീ യൂണിറ്റുകളെയാണ് ഗുണഭോക്താക്കളായി തിരഞ്ഞെടുത്തതെങ്കിലും അതിനു വിപരീതമായി ആരംഭം ശ്രീലക്ഷമി എന്നീ കുടംബശ്രീ യൂണിറ്റുകൾക്കാണ് തുക | മതിലകം ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോകതൃലിസ്റ്റിൽ ഉൾപ്പെട്ട കുടുംബശ്രീകൾക്കാണ് ആനുകൂല്യം നൽകിയത് ആദ്യലിസ്റ്റിൽ നിന്നും പിൻമാറിയ കുടുംബശ്രീയ്ക്ക് പകരമാണ് ടി കുടുംബശ്രീകളെ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് നിർവ്വഹണഉദ്യോഗ്സ്ഥൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | നൽകിയിട്ടുള്ളത് എന്നാണ് പരാമർശം | |
| 2014-2015 | (2-1) | 2016-2017 | (2-1) അനുബന്ധം 4 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | പരാമർശപ്രകാരമുള്ള മുഴുവൻ തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ട്. |
| 2014-2015 | (2-8) | 2016-2017 | 1-3 അനുബന്ധം 3 | മൊബൈൽ ടവറുകൾ വസ്തു നികുതി അടവാക്കുന്നില്ല.<br>ബിന്ദു ,ഓലപ്രത്ത്മതിലകം (ബി.എസ്.എൻ.എൽ മൊബൈൽ ടവർ)<br>ലില്ലിചേന്നൂർമതിലകം<br>വിൽസൻമഞ്ഞളിമതിലകം (എയർടെൽ മൊബൈൽ ടവർ)<br>ഈ ഇനത്തിൽ നാളിതുവരെയുള്ള ലൈബ്രറി സെസ്സ് ₹6765, വസ്തു നികുതി ₹135300/- പിഴപലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. എന്നതാണ് പരാമർശം | Vi/246 നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക ഉൾപ്പടെ 2016-17 സാമ്പത്തിക വർഷം വരെയുള്ളത് അടവാക്കിയിട്ടുണ്ട്. രസീത് നം 11614500094/10.03.2017.<br>X/285 മൊബൈൽ ടവറിൻറെ വസ്തുനികുതി 2018-19 സാമ്പത്തിക വർഷം വരെയുള്ളത് 30/03/2019 ലെ 118140107431 രശീത് പ്രകാരം അടവാക്കിയിട്ടുള്ളതാണ്.<br>X/232 മൊബൈൽ ടവറിൻറെ വസ്തുനികുതി 2018-19 വരെയുള്ളത് 23/03/2019 ലെ 118140500029 രശീതി പ്രകാരം അടവാക്കിയിട്ടുള്ളതാണ്. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 25083166 |
| ഓഡിറ്റ് വർഷത്തെ വരവ് | 113218346 |
| ആകെ | 138301512 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 109977958 |
| നീക്കിയിരിപ്പ് | 28323554 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 62530 |

*ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വാർഷിക കണക്കിന്റെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇതിലെ വരവിലും ചെലവിലും സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല.

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സം | നിർവ്വഹണോദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 58000 | ഡോ.മഞ്ജിത്ത് കൃഷ്ണൻ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-28 | 4530 | ശ്രീമതി.ഹൃദ്യ.എൻ., ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 62530 | |

**സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മഞ്ജിത്ത് കൃഷ്ണൻ മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ,മതിലകം എഫ്.എച്ച്.സി | ചുങ്കത്ത് ഹൗസ്,കുത്തുപറമ്പ്, ചാലക്കുടി പി.ഒ. |
| ശ്രീമതി.ഹൃദ്യ.എൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,മതിലകം പഞ്ചായത്ത് | കുട്ടമ്പിള്ളി മന,പോളജനം,കാട്ടൂർ |

**4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ**

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1996-97 | LFT12-1228/97 | 3 | 3-1(i, Ii, Iii), 3-2 | SCH |

| | | | | | |
|---|---|---|---|---|---|
| | | Dt. 01.10.97 | | 3-5(A,B) | |
| 2 | 1997-98 | LFT19-791/99 Dt. 15.12.99/01.02.00 | 3 | 40, 47, 63 | SCH |
| 3 | 1998-99 വരവ് | LFT19-950/2001 Dt. 17.10.01 31.12.01 | 1 | 24 | SCH |
| 4 | 1998-99 ചെലവ് | LFT19-1011/00 Dt. 03.10.00 13.11.00 | 1 | 10 ബി | SCH |
| 5 | 1999-2000 (ചെലവ്) | LFT19-917/2001 Dt. 17.10.2001 | 2 | 32(1),(2), 33(1) | SCH |
| 6 | 2000-01 2001-2002 (ജനകീയാസൂത്രണം) | LFT12-1428/03 Dt. 06.12.03/ 14.01.04 | 2 | 9(3)(4)(5)(8)(10) 9(1)(2)(7) | SCH |
| 7 | 2002-2003 | No.LFT 12-918/05 Dt. 02.12.05/ 31.05.06 | 1 | 3-21 | CAR |
| 8 | 2007-08 | LFT.(P3)2113/11 Dt. 25.05.2012/ 09.08.2012 | 2 | 3-7, 3-9എ | 3-9എ - CAR |
| 9 | 2010-11 | LFT.P3-1977/12 Dt. 13.02.13/ 07.05.13 | 2 | 3-10, 3-17 | |
| 10 | 2011-12 | LFT.(P3)-337/13 Dt. 01.08.13/ 11.11.13 | 1 | 3-15 | |
| 11 | 2012-13 | LFT.P3-87/2014 Dt. 22.07.14/ 18.9.14 | 1 | 3-5 | |
| 12 | 2014-15 | KSA TSR(P3)-1276/16 Dt. 29.7.2016 | 3 | 2-1, 2-8, 3-5 | 2-1 –CAR 2-8 –CAR |
| 13 | 2015-16 | KSA TSR(P3)-1735/16 Dt. 19.10.2016 | 1 | 2-3 | |
| 14 | 2016-17 | KSA TSR(P3)-1315/17 | 4 | 3-4, 3-12(5), 3-8, 3-10 | |

| | | | | | |
|---|---|---|---|---|---|
| | | Dt. 23.09.17/ 16.11.17 | | | |
| 15 | 2017-18 | KSATSR(P3)-32/2019 Dt. 12.06.2019 | 2 | 3-7(3), 3-11 | |
| 16 | 2018-19 | KSATSR(P3)-371/2020 Dt. 02.6.20 | 5 | 1-12, 1-13, 1-20, 1-31, 1-32 | |
| 17 | 2019-20 | KSA.TSR (P-9)-1569/2021 , Dtd. 25. 06. 2022 | 26 | 1-10,1-11,1-12,1-13, 1-14,1-15,1-16,1-17, 1-18,1-19,1-20,1-21, 1-22,1-23,1-24,1-27, 1-28,1-29,1-31,1-32, 1-33,1-35,1-36,1-37, 1-41,4-1. | |
| 18 | 2020-21 | KSA.TSR.(P-9)-1570/2021 , Dtd. 25.06.2022 | 24 | 1-8,1-10,1-11,1-12, 1-13,1-14,1-15,1-16, 1-17,1-18,1-19,1-20, 1-21,1-23,1-24,1-26, 1-27,1-30,1-31,1-33, 1-34,3-1,4-1,4-2. | |
| 19 | 2021-22 | KSA.TSR.(P-9)-120/2023, Dtd. 10.04.2023 | 19 | 1-10, 1-11,1-12,1-13, 1-14,1-15,1-16,1-17, 1-18,1-19,1-20,1-21, 1-22,1-23,1-24,1-25, 1-26,1-27,1-28 | |
| | **ആകെ** | | **103** | | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**തൃശ്ശൂർ**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 9(1) dated 27-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Mathilakam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mathilakam Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director**
**District Office Thrissur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Mathilakam Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Payment voucher misclassification- Payment Voucher misclassifications which lead to discrepancy in the outcome of Income & Expenditure statement and also affect the financial status of institution as per Balance Sheet.
An amount of 3441785/- which was spent from Maintenance Grant-Road for maintenance of roads (revenue expenditure) was wrongly booked as capital expenditure.
2.The expenditure of State Sponsored Scheme fund in Grant statement doesnot match with the expenditure in Accounts. (As per Grant statement-860000/-, As per Accounts-1040000/-)
3.An amount of 1512423/-which was spent from CFC Untied Basic Grant,CFC Tied Grant , Development Fund - General to create asset was wrongly booked as revenue expenditure.

**2.Other Observations**

a.Comments relating to Income and Expenditure Account

1. Journal voucher and worksheet are not maintained to verify depreciation entry of Rs 6333801/-

in Income and Expenditure Account.

b. Comments relating to Balance Sheet

1. Grant amount shown as liability in Balance sheet does not match with bank account opened for the specific grant account

<table>
<tr><td colspan="4">Balance sheet schedule B -4</td><td colspan="2">Balance sheet schedule B -17</td><td></td></tr>
<tr><td>Sl no</td><td>Account Head</td><td>Item</td><td>Amount</td><td>Account Head</td><td>Bank account</td><td>Amount</td></tr>
<tr><td>1</td><td>320900102</td><td>Donations Related to Pandemic/ Epidemic Control</td><td>4755</td><td>450210101</td><td>BANK OF BARODA -(COVID DONATION)-( 11300100020242)</td><td>4819</td></tr>
<tr><td>2</td><td>320700105</td><td>Contributions For Joint Venture Projects (For Capital Expenditure) - From District Panchayats</td><td>78547</td><td rowspan="2">450210201</td><td rowspan="2">TREASURY-JOINT VENTURE-( 799011400001279)</td><td rowspan="2">0 (Resumption Amount 128992/-)</td></tr>
<tr><td>3</td><td>320700205</td><td>Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats</td><td>4075</td></tr>
</table>

2. Depreciation Provided for the asset group called other fixed assets is more than the book value of that asset.

c. Comments relating to Receipt and Payment Statement

Nil

d. Comments relating to Cashflow Statement

1. "Net increase in cash and cash equivalents does not match with "Net cash generated by Operating+Investing+Financing Activity

e.Comments relating to Ratios

1.The mandatory Financial Statements prescribed in Accounting Rules-Key ratios are not included as part of Annual Financial statement.

f.Comments relating to Notes to accounts

Nil

g.Comments relating to Receipt Vouchers

Nil

h.Comments relating to Payment Vouchers

Nil

i. Comments relating to Journal Vouchers

1. Authentic certified vouchers and worksheets are not maintained for all journal vouchers.
2. Without preparing monthly summary statement, journal voucher, work sheet and statutory permission in writing by the Secretary, one-time demand/reduction of demand/write-off/ exemptions are given in respect of Property tax and Rent revenue.
3. Authentic certified vouchers and worksheets are not maintained for adjustments in advance collection of property tax

j. Comments relating to Contra Vouchers

Nil

k. Comments relating to Bank Reconciliation Statement

Nil

l. Comments relating to Demand, Collection and Balance Register

Nil

n. Comments relating to Inventory and other Registers

Collection amount of Licence fee is doesnot match with accounts

| Item | | Demand | Collection | Balance |
|---|---|---|---|---|
| Licence Fee | As per Register | 212850 | 212850 | 0 |
| | As per Accounts | 212850 | 217250 | 0 |

**DEPUTY DIRECTOR**
**DISTRICT AUDIT OFFICE**
**THRISSUR**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

**Mathilakam Grama Panchayat**
**BALANCE SHEET**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 84316271.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 135.00 |
| 312000000 | Reserves | B-3 | 90881570.00 |
| | **Total Reserve & Surplus** | | **175197976.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5910231.00 |
| | **Total Grants, Contributions for Specific Purposes** | | **5910231.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 7658676.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **7658676.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 347548.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2350417.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2697965.00** |
| | **TOTAL LIABILITIES** | | **191464848.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1330521.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 960967.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 14098956.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 99812034.00 |
| 416000000 | Accumulated Depreciation | B-11(a) | -43979535.00 |
| | **Total Fixed Assets** | | **72222943.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 77661046.00 |



Digitally signed by K S Ra
Date: 2023.06.27 13:55:2
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **77661046.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 165675.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1265498.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 28323554.00 |
| 460000000 | Loans, Advances and Deposits | B-18 | 11826132.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **41580859.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **191464848.00** |

# Mathilakam Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8212347.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 118330.00 |
| 140000000 | Fee & User Charges | I-4 | 67836056.00 |
| 150000000 | Sale & Hire Charges | I-5 | 208209.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 139220938.00 |
| 170000000 | Income from Investments | I-7 | 798132.00 |
| 171000000 | Interest Earned | I-8 | 858421.00 |
| 180000000 | Other Income | I-9 | 1840.00 |
| 190000000 | Prior Period Income | I-19 | 0.0 |
| | **Total Income** | | **217254273.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 13228897.00 |
| 220000000 | Administrative Expenses | I-11 | 1400380.00 |
| 230000000 | Operations & Maintenance | I-12 | 4933902.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12243505.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 33955545.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 2107056.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 29418588.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 46184200.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1187062.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by K S Ra
Date: 2023.06.27 13:55:4
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 6333801.00 |
| | **Total Expenditure** | | **150993585.00** |
| | **Gross Surplus / Deficit of income over Expenditure** | | **66260688.00** |
| | **Gross Surplus / Deficit of income over Expenditure** | | **66260688.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **0.0** |

**Mathilakam Grama Panchayat**

**RECEIPT & PAYMENT STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 25083166.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1581540.00 |
| 130000000 | Rental income from Panchayat Properties | RP-3 | 25750.00 |
| 140000000 | Fees & User Charges | RP-4 | 67610998.00 |
| 150000000 | Sale & Hire Charges | RP-5 | 208209.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14198308.00 |
| 171000000 | Interest Earned | RP-9 | 858421.00 |
| 190000000 | Prior Period Income | RP-11 | 0.0 |
| 311000000 | Earmarked Funds | RP-28 | 6.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16379177.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9616211.00 |
| 460000000 | Loans, Advances and Deposits | RP-49 | 737537.00 |
| | **Non Operating** | | |
| 170000000 | Income from Investments | RP-8 | 798132.00 |
| 180000000 | Other Income | RP-10 | 1840.00 |
| 340000000 | Deposits Received | RP-33 | 163568.00 |
| 350000000 | Other Liabilities | RP-35 | 1038649.00 |
| | **Grand total** | | **138301512.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 1720.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 249335.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1128992.00 |
| 460000000 | Loans, Advances and Deposits | RP-49 | 1027077.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 75671.00 |
| 350000000 | Other Liabilities | RP-35 | 107495163.00 |
| | **Closing Balance** | | |



Digitally signed by K S Ra
Date: 2023.06.27 13:56:0
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 28323554.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **138301512.00** |



DEPUTY DIRECTOR
DISTRICT AUDIT OFFICE

THRISSUR